(ബി) പട്ടയം നല്കുന്നതിന് പ്രതിബന്ധമായി നില്ക്കുന്ന നിയമതടസ്സം എന്താണ് ;

(സി) നിയമതടസ്സം ഉണ്ടെങ്കിൽ അത് ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ;

(ഡി) പ്രസ്തുത കുടുംബങ്ങൾക്ക് എന്ന് പട്ടയം ലഭിക്കും എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ–ഡി) ഈ വിഷയം സംബന്ധിച്ച നിർദ്ദേശം കൊല്ലം ജില്ലാ കളക്ടറിൽ നിന്നും ഗവൺമെന്റിന് ലഭിച്ചിട്ടുണ്ട്. ഇക്കാര്യം പരിശോധിച്ച് നടപടികൾ സ്വീകരിക്കുന്നതാണ്.

ഇടുക്കി ജില്ലയിലെ വ്യാജ പട്ടയങ്ങൾ സംബന്ധിച്ച അന്വേഷണം

75 (256) ശ്രീ. കെ. കെ. ജയചന്ദ്രൻ :
ശ്രീ. സാജു പോൾ :
ശ്രീ. വി. ചെന്താമരാക്ഷൻ :
ശ്രീ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇടുക്കി ജില്ലയിലെ വ്യാജ പട്ടയങ്ങൾ സംബന്ധിച്ച് അന്വേഷണം നടത്താൻ നിയോഗിക്കപ്പെട്ട കമ്മിറ്റിയുടെ പ്രവർത്തന പുരോഗതി വിശദമാക്കാമോ ;

(ബി) സർക്കാർ ഭൂമിയിൽ വ്യാജ പട്ടയം സംഘടിപ്പിച്ച് ഭൂമി കൈമാറ്റം ചെയ്തതായി കമ്മിറ്റി സർക്കാരിന് റിപ്പോർട്ട് നല്കിയിട്ടുണ്ടോ ;

(സി) കേരളത്തിലെ പട്ടയങ്ങളുടെ മൂപ്പത്തിലുള്ള പട്ടയങ്ങൾ തമിഴ്നാട്ടിൽ തയ്യാറാക്കി ഭൂമി തട്ടിയെടുക്കുന്നതിനും കൈമാറ്റം ചെയ്യുന്നതിനും ഉപയോഗിക്കുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഈ വ്യാജപട്ടയങ്ങൾ റദ്ദു ചെയ്യുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചു; എത്ര വ്യാജ പട്ടയങ്ങൾ കണ്ടെത്തി റദ്ദാക്കിയിട്ടുണ്ട് ?

ഉത്തരം

(എ) ഇടുക്കി ജില്ലയിലെ വ്യാജ പട്ടയങ്ങൾ സംബന്ധിച്ച അന്വേഷണം അന്തിമഘട്ടത്തിലാണ്.

(ബി) അന്വേഷണം പൂർത്തിയായിട്ടില്ല.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വ്യാജ പട്ടയങ്ങളെ സംബന്ധിച്ചുള്ള അന്വേഷണം അന്തിമഘട്ടത്തിലാണ്. പരിശോധന പൂർത്തിയാകുന്ന മുറയ്ക്ക് ഇത്തരം പട്ടയങ്ങൾ റദ്ദ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

പുതുതായി പട്ടയം നൽകാൻ ശിപാർശ ചെയ്യപ്പെട്ടിട്ടുള്ളവർ

76 (257) ഡോ. എ. നീലലോഹിതദാസൻ നാടാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നെയ്യാറ്റിൻകര ലാന്റ് അസൈൻമെന്റ് കമ്മിറ്റി യോഗം ചേർന്ന് എത്ര പേർക്ക് പട്ടയം നൽകുന്നതിനാണ് നാളിതുവരെ ശിപാർശ ചെയ്തിട്ടുള്ളത് ;

LIBRARY ARCHIVES Kerala Legislative Assembly